V ക്രമപ്രശ്നം

(1) വനിതാക്ഷേമ കമ്മീഷൻ രൂപീകരണം സംബന്ധിച്ച്

ശ്രീ. എ. സി. ഷൺമുഖദാസ് : 1990-91-ൽ വനിതാക്ഷേമ കമ്മീഷൻ നിയമം പാസ്സാക്കിയതാണ്. മൂന്ന് നാല് വർഷം കഴിഞ്ഞു. അവസാനം കേന്ദ്രഗവൺമെൻറിന്റെ അംഗീകാരം കിട്ടിയെന്നു തോന്നുന്നു. അതിന്റെയടിസ്ഥാനത്തിൽ വനിതാ കമ്മീഷനെ സംബന്ധിച്ച് ഒരു സ്റ്റേറ്റുമെൻറ് വന്നു. ഈ സഭ നടക്കുമ്പോഴും, സഭ പാസ്സാക്കിയ നിയമം ഇത്രയുംകാലം കിടന്നതിനുശേഷം ഇങ്ങനെയൊരു കമ്മീഷനെ കുറിച്ച് സഭയിൽ പറയേണ്ടതാണ്. അതിന് വിരുദ്ധമായിട്ട് പത്രങ്ങളിൽ വാർത്ത നൽകിയിരിക്കുകയാണ്. മന്ത്രിമാർക്ക് സ്റ്റേറ്റുമെൻറ് നടത്തുന്നതിനുള്ള അനുവാദം കൊടുക്കുന്നത് ഇതിനുവേണ്ടിയാണ്. ഇതിൽ അങ്ങയുടെ റൂളിംഗ് കൂടി ഉണ്ടാകണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ വസ്തുത ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വനിതാ കമ്മീഷൻ രൂപീകരിക്കുമെന്നുള്ള കാര്യം പറഞ്ഞിട്ടുള്ളതാണ്. വളരെ നേരത്തെ നിയമസഭ പാസാക്കിയിട്ടുള്ള ഒരു നിയമമാണിത്. അതിന് കേന്ദ്രഗവൺമെൻറിന്റെ അംഗീകാരം കിട്ടാൻ കുറെയേറെ സമയമെടുത്തു. എത്രയുംവേഗം വനിതാ കമ്മീഷൻ നിലവിൽ വരണമെന്ന് ഗവൺമെൻറിന് ഉൽക്കടമായ താൽപ്പര്യമുള്ളതിന്റെ ഫലമായിട്ടാണ് നോട്ടിഫിക്കേഷൻ വഴി വനിതാ കമ്മീഷൻ രൂപീകരിക്കാനുള്ള നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. മാത്രമല്ല കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർ വളരെയേറെ വിശ്വസിക്കുന്ന പ്രസിദ്ധ കവയിത്രി ശ്രീമതി സുഗതകുമാരിയെ ചെയർ പേഴ്സൺ ആക്കിയാണ് കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഗവൺമെൻറിന് അൽപ്പം ധൃതി കൂടിപ്പോയി എന്നതു സത്യമാണ്. എത്രയുംവേഗം വനിതാകമ്മീഷൻ വരണമെന്ന ഉൽക്കടമായ ആഗ്രഹത്തിന്റെ ഫലമായിട്ടാണ് അങ്ങനെ സംഭവിച്ചത്. ഇതിനകത്ത് എന്തെങ്കിലും അപാകതയുണ്ടായി എന്ന് മെമ്പർമാർക്ക് തോന്നുന്നുവെങ്കിൽ അതിൽ ഞാൻ ഖേദിക്കുന്നു.

(2) വിഷമദ്യദുരന്തത്തിന് ഉത്തരവാദികളാകുന്നവർക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുക്കുന്നത് സംബന്ധിച്ച്

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, മദ്യദുരന്തമുണ്ടായാൽ കൊലക്കുറ്റത്തിന് കേസെടുക്കുമെന്ന് നയപരമായ ഗവൺമെൻറിന്റെ തീരുമാനത്തെപ്പറ്റി പ്രാധാന്യത്തോടുകൂടിയുള്ള വാർത്ത മലയാള മനോരമ പത്രത്തിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രി പത്രക്കാരെ വിളിച്ചു പറഞ്ഞതാണ്. നിയമസഭ നടക്കുന്ന ഘട്ടത്തിൽ നയപരമായ പ്രശ്നങ്ങളെ സംബന്ധിച്ച് അതുപോലെതന്നെ ഗവൺമെൻറിന്റെ പ്രധാനപ്പെട്ട തീരുമാനങ്ങളെല്ലാം പറയേണ്ടത് സഭയ്ക്ക് അകത്താണ്. ഈ ഗവൺമെൻറ് അത് പത്രക്കാരോട് പറയുക, പത്രത്തിൽ വായിച്ചു ഞങ്ങളും അറിയുക. ഇത് ഇന്ത്യൻ

LIBRARY ARCHIVES Kerala Legislative Assembly

ക്രിമിനൽ നിയമത്തിൽ മാറ്റം വരുത്തി ചെയ്യേണ്ട കാര്യമാണ്. അത് ഗവൺമെന്റ് പറഞ്ഞതുകൊണ്ടുമാത്രം ആയില്ല. അതിന് എന്ത് നടപടി സ്വീകരിക്കുമെന്നുള്ളതാണ് പ്രധാനം. അതിന് നിയമം കൊണ്ടുവരുമെന്നാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. അത് പ്രായോഗികം ആകുമോ അല്ലയോ എന്നുള്ളത് നിയമ ഭേദഗതി വരുത്തിയാലേ പറയാൻ സാധിക്കുകയുള്ളൂ. ഇത് ആളുകളെ പറ്റിക്കാനുള്ള പ്രസ്താവന ആണ്. പൊങ്ങച്ചത്തിൽക്കൂടി ജനങ്ങളെ കബളിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗം മാത്രമാണ്. യഥാർത്ഥത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചല്ല. നിയമനിർമ്മാണത്തിൽ കൂടി ചെയ്യേണ്ട ഒരു കാര്യം സഭയ്ക്കകത്ത് പറയുക, ഗവൺമെന്റ് അതാണ് ആഗ്രഹിക്കുന്നതെങ്കിൽ സഭയിൽ പറയുക. എന്നിട്ട് നിയമനിർമ്മാണത്തിൽ കൂടിയുള്ള നടപടികളും സ്വീകരിക്കുക. സെൻട്രൽ ഗവൺമെന്റ് ഉൾപ്പെടെ ബന്ധപ്പെട്ടുകൊണ്ട് ചെയ്യേണ്ട കാര്യമാണ്. എന്റെ പ്രധാനപ്പെട്ട പോയിന്റ് സഭ നടക്കുന്ന ഘട്ടത്തിൽ നയപരമായ കാര്യങ്ങൾ സഭയ്ക്കകത്ത് പറയാതെ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട തീരുമാനങ്ങൾ പുറത്തു പ്രസ്താവന നടത്തുക, മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും ഇങ്ങനെ ചെയ്യുന്നത് ക്രമവിരുദ്ധമാണ്. അത്തരം നടപടി ആവർത്തിക്കാതിരിക്കാൻ സഭയുടെ അവകാശം സംരക്ഷിക്കുവാൻ ആവശ്യമായ റൂളിംഗ് നൽകണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, സഭ സമ്മേളിക്കുന്ന അവസരത്തിൽ നയപരമായ തീരുമാനങ്ങൾ സഭയിൽത്തന്നെ പ്രഖ്യാപിക്കണമെന്ന പാർലമെന്ററി നടപടിക്രമത്തോട് ഈ ഗവൺമെന്റിന് അങ്ങേയറ്റം ബഹുമാനമുണ്ട്. ഏപ്രിൽ 1-ാം തീയതി മുതൽ ചാരായനിരോധനം ഏർപ്പെടുത്താനുള്ള ഗവൺമെന്റിന്റെ തീരുമാനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ജില്ലാ കളക്ടർമാരുടേയും സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥൻമാരുടെയും എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥൻമാരുടേയും ഒരു യോഗം ഇന്നലെ വിളിച്ച് കൂട്ടിയിരുന്നു. ചാരായ നിരോധനം ഏർപ്പെടുത്തിയാലുണ്ടാകാവുന്ന അട്ടിമറി ശ്രമങ്ങളെക്കുറിച്ചാണ് ഞങ്ങൾ ചർച്ച ചെയ്തത്. ചാരായം നിരോധിച്ചു കഴിയുമ്പോൾ സ്വാഭാവികമായി വ്യാജമദ്യം കൊണ്ടുവരാനുള്ള ശ്രമങ്ങളുണ്ടാകും. വിദേശമദ്യത്തിന്റെ ഡ്യൂട്ടി 200 ശതമാനം വർദ്ധിപ്പിച്ചതിന്റെ ഫലമായി ഒരു പക്ഷെ മാഹി കേന്ദ്രമാക്കിയുള്ള വിദേശമദ്യ റാക്കറ്റ് പ്രവർത്തിക്കാൻ ഇടയുണ്ട്. അത്തരം അപകടസാദ്ധ്യതകളും മുൻകൂട്ടി കണ്ടുകൊണ്ട് ആ അപകടങ്ങൾ നടത്താൻ സാദ്ധ്യതയുള്ളവർക്കെതിരായി കർക്കശമായ നടപടി സ്വീകരിച്ചുകൊണ്ട് അതിനെ തടയാനുള്ള മാർഗ്ഗം ഞങ്ങൾ ചർച്ച ചെയ്തു. ആ അവസരത്തിൽ സുപ്രീംകോടതിയുടെ നേരത്തെയുള്ള തീരുമാനത്തെക്കുറിച്ചാണ് പറഞ്ഞത്. വൈപ്പിൻ മദ്യദുരന്ത കേസിൽ സുപ്രീംകോടതി പറഞ്ഞു, ഈ കേസിലുള്ളവർക്കെതിരായി കൊലക്കുറ്റത്തിന് കേസ് എടുക്കേണ്ടതായിരുന്നു എന്ന്. കഴിഞ്ഞകാലങ്ങളിൽ ഇതുപോലെയുള്ള ദുരന്തങ്ങൾ ഉണ്ടായപ്പോൾ അതിനെതിരായി കൊലക്കുറ്റത്തിന് കേസ് എടുത്തിരുന്നെങ്കിൽ ഇത്തരം നടപടി നാളെ ആവർത്തിക്കുകയില്ലായിരുന്നു. ഇനി ഇതുപോലുള്ള വിഷമദ്യ ദുരന്തങ്ങളുണ്ടായാൽ അവർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്നുള്ള സുപ്രീംകോടതിയുടെ ഉപദേശം നിലവിലുള്ള നിയമമനുസരിച്ച് കർക്കശമായി നടത്തണമെന്ന് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കുകമാത്രമാണ് ഞാൻ ചെയ്തത്. നിലവിലുള്ള നിയമത്തിൽ തന്നെ മദ്യദുരന്തമുണ്ടായാൽ കൊലക്കുറ്റത്തിന് കേസെടുക്കാൻ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥയുണ്ടായിരുന്നിട്ടും വൈപ്പിൻ കേസിൽ കൊലക്കുറ്റത്തിന് കേസെടുത്തിട്ടില്ല. മുമ്പ് പലപ്പോഴും ഇതുപോലെ കൊലക്കുറ്റത്തിന്

LIBRARY ARCHIVES Kerala Legislative Assembly

കേസെടുത്തിട്ടില്ല. ആ ചരിത്രം നാളെ ആവർത്തിക്കാതിരിക്കാൻ ഇനി കേരളത്തിൽ മദ്യദുരന്തമുണ്ടായാൽ കൊലക്കുറ്റത്തിന് കേസെടുക്കണമെന്നുള്ള ഗവൺമെൻറിൻെറ നിർബന്ധബുദ്ധി, നിലവിലുള്ള നിയമത്തെ ശരിക്കും ഉപയോഗിക്കണമെന്നുള്ള നിർബന്ധബുദ്ധി മാത്രമാണ് ഇന്നലെ പ്രഖ്യാപിച്ചത്. അല്ലാതെ പുതിയ നയപ്രഖ്യാപനം ഒന്നുമില്ല. നിലവിലുള്ള നിയമം ചൂണ്ടിക്കാണിച്ചു. ആ നിയമം നിങ്ങൾ കർക്കശമായി കൈകാര്യം ചെയ്യണമെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ. അല്ലാതെ പുതിയ ഒരു പ്രഖ്യാപനവും നടത്തിയിട്ടില്ല.

VI റൂളിംഗ്

സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ നയപരമായ കാര്യങ്ങൾ പുറത്ത് പറയുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ആദ്യമായി ശ്രീ. ഷൺമുഖദാസ് ഉന്നയിച്ച പ്രശ്നം, നിയമസഭ കൂടിയിരിക്കുന്ന സമയത്ത് നയപരമായ കാര്യങ്ങൾ പത്രത്തിലൂടെ മെമ്പർമാർ വായിക്കേണ്ടി വരിക എന്നത് നല്ല ഒരു കീഴ്വഴക്കമല്ല. അതുകൊണ്ട് വനിതാകമ്മീഷനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചതിൻെറ അടിസ്ഥാനത്തിൽ, ഖേദം പ്രകടിപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ, അദ്ദേഹത്തിൻെറ ഉദ്ദേശശുദ്ധിയെ നമുക്ക് ചോദ്യം ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. എന്തായാലും നല്ല ഒരു കാര്യമെന്ന നിലയ്ക്ക്, അദ്ദേഹത്തിൻെറ വിശദീകരണത്തിൻെറ വെളിച്ചത്തിൽ, ഞാൻ ഒരു റൂളിംഗ് നൽകുന്നില്ല. പക്ഷെ തത്വത്തിൽ നമ്മളെല്ലാം അംഗീകരിക്കുന്ന ഒരു കാര്യമാണ്.

ശ്രീ. ബാലൻ വൈദ്യർ ഉന്നയിച്ച പ്രശ്നം, ഈ പ്രത്യേക കാര്യത്തിൽ ലൈസൻസ് ഇല്ലാത്തവർ അറിഞ്ഞുകൊണ്ട് ദുരുദ്ദേശപൂർവ്വമായി വ്യാജമദ്യം വിൽക്കുന്നു എന്നും അതുമുഖേന മരണം സംഭവിക്കുന്നതിനുള്ള കുറ്റം ചെയ്യുന്നു എന്നുമുള്ള മാനസിക ഘടനയുണ്ടാക്കി അതിനനുസരിച്ച് ചാർജ് ചെയ്യണമെന്നുള്ളത് പുതിയ ഒരു നയപ്രഖ്യാപനമല്ല. അത് നിലവിലുള്ള ഒരു നിയമം ആവർത്തിച്ചതായതുകൊണ്ട് പുതിയ നയപ്രഖ്യാപനമായി കണക്കാക്കാൻ കഴിയില്ല. വളരെ ശ്രദ്ധിക്കപ്പെടാത്ത ഒരു പ്രശ്നത്തിൻെറ ഗൗരവം ആളുകളെ ഓർമ്മപ്പെടുത്തുകയും അതിൻെറ കാർക്കശ്യം ഒന്നുകൂടി ആളുകളുടെ ഓർമ്മയിൽ വരുത്തുകയും മാത്രം ചെയ്തതുകൊണ്ട്, നയപ്രഖ്യാപനം അല്ലാത്തതുകൊണ്ട് അതിൽ ക്രമപ്രശ്നം ഉത്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly